വനിത ശിശുവികസന വകുപ്പ്

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം
## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ
## (ഹാജർ: പ്രിയങ്ക ജി IAS ,ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ് )

**വിഷയം:-** വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - കൊല്ലം സ്വദേശി നിർവേദ്. ബി.ലാൽ എന്ന കുട്ടിക്ക് -ബാലനിധി ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു

**പരാമർശം:** കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ 19.04.2022 തീയതിയിലെ DCPU/KLM/D2/B.N-4/22

==========================================================================

## ഉത്തരവ് നമ്പർ : ICPS-4 /1722/2022 തീയതി:25.06.2022

==========================================================================

കൊല്ലം ജില്ലയിൽ പരവൂർ, ഒഴുക്കുപാറ ,പോളച്ചിറ ജയഭവനിൽ ശ്രീ.ബിജു ലാൽ ശ്രീമതി.ബിജി എന്നീ ദമ്പതികളുടെ മകനായ നിർവേദ്.ബി.ലാൽ എന്ന കുട്ടി കാൻസർ ബാധിതനാണ് എന്നും തുടക്കത്തില് കുട്ടി കൊല്ലം ESI ഹോസ്പിറ്റലിൽ ചികിത്സ തേടുകയും അവിടെ നിന്നും തിരുവനന്തപുരം RCC യിലേക്ക് റഫർ ചെയ്യുകയും തുടർന്നുള്ള പരിശോധനയിൽ കുട്ടിയുടെ എല്ലിനെ ബാധിക്കുന്ന തരത്തിലുള്ള കാൻസർ ആണെന്ന് കണ്ടെത്തുകയും തുടർന്ന് RCC യിൽ ശസ്ത്രക്രിയ നടത്തുകയും ചെയ്തു.കുട്ടിയുടെ പിതാവ് സെക്യൂരിറ്റി ജീവനക്കാരനാണ് എന്നും ടിയാന്റെ വരുമാനത്തിലാണ് കുടുംബം കഴിഞ്ഞു പോകുന്നത്എന്നും കുടുംബത്തിന് നിലവിൽ മറ്റ് കാര്യമായ വരുമാന മാർഗ്ഗങ്ങൾ ഒന്നും തന്നെ ഇല്ല എന്നും ആയതിനാൽ കുട്ടിയുടെ ചികിത്സാ ഇനത്തിൽ ചിലവായ 25,403/-രൂപ ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിച്ച് നൽകണമെന്നും കൊല്ലം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള കൊല്ലം ജില്ലയിൽ പരവൂർ, ഒഴുക്കുപാറ ,പോളച്ചിറ ജയഭവനിൽ ശ്രീ.ബിജു ലാൽ ശ്രീമതി.ബിജി എന്നീ ദമ്പതികളുടെ മകനായ നിർവേദ്.ബി.ലാൽ എന്ന കുട്ടിയുടെ നിലവിലെ സാഹചര്യം പരിഗണിച്ച് ജെ.ജെ.ആക്റ്റിൻറെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015

പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധിയിൽ (ജുവനൈൽ ജസ്റ്റിസ് ഫണ്ട്) നിന്നും നിലവിൽ സമർപ്പിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ അനുവദനീയമായ തുകയായ **8,617/-രൂപ (എണ്ണായിരത്തി അറുന്നൂറ്റി പതിനേഴ് രൂപ മാത്രം)** അനുവദിച്ച് കൊണ്ട് ഉത്തരവാകുന്നു.

ടി തുകയായ **8,617/-രൂപ (എണ്ണായിരത്തി അറുന്നൂറ്റി പതിനേഴ് രൂപ മാത്രം)** 2235-02-106-91(P)എന്ന ശീർഷകത്തിൽ നിന്നും കൊല്ലം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ട്മെന്റായി നൽകേണ്ടതും. വനിത ശിശു വികസന ഓഫീസർ തുക അലോട്ട്മെന്റായി കൊല്ലം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷാധികാരിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിത ശിശു വികസന വകുപ്പ് ഡയറക്ടർ &**
**മെമ്പർ സെക്രട്ടറി (എസ്.സി.പി.എസ്)**

ജില്ലാ ശിശു സംരക്ഷണ ഓഫീസർ, കൊല്ലം

<u>പകർപ്പ്</u>

1. ജില്ലാ വനിത ശിശു വികസന ഓഫീസർ, കൊല്ലം
2. സൂപ്രണ്ട് A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്